# വർണ്ണം



വിമല എച്ച് എസ് വിമലഗിരി

ലിറ്റിൽ കൈറ്റ്സ്

# വിമല ഹൈസ്കൂൾ വിമലഗിരി

LEAD KINDLY LIGHT

VIMALA HIGH SCHOOL VIMALAGIRI





# എഡിറ്റോറിയൽ

ഹൈടെക് യുഗത്തിൽ കാലത്തിന്റെ മാറ്റങ്ങളെ തിരിച്ചറിഞ്ഞ് സ്കൂളുകളും ക്ലാസ്സ് മുറികളും മാറിക്കൊണ്ടിരിക്കുന്നു എന്നത് ഏറെ ആവേശം പകരുന്ന ഒന്നാണ്. വിവര വിനിമയ സാങ്കേതികവിദ്യയുടെ വിസ്മയ ലോകത്തിലേക്ക് അതിലധിഷ്ഠിതമായ പഠനാനുഭവങ്ങളിലേക്ക് കുട്ടികളെയും അവരുടെ സർഗ്ഗവാസനകളേയും തിരിച്ചു വിടുമ്പോൾ നാളെ ശാസ്ത്ര സാങ്കേതിക ലോകം ഇവർക്കു മുമ്പിൽ മുട്ടുമടക്കില്ലെന്നാരുകണ്ടു ?

പുസ്തകങ്ങൾക്കുപുറത്തേയ്ക്ക് വായനകൾ ശക്തമാകുമ്പോൾ പുസ്തകങ്ങളുടെ വർണ്ണ പ്രപഞ്ചം നമുക്കു മുന്നിലാകുന്നു. വിനോദങ്ങൾക്കപ്പുറത്ത് വിവിധ തൊഴിൽ മേഖലകളുടെ അനന്ത സാധ്യതകൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കു മുമ്പിൽ തുറന്നു വയ്ക്കുന്നു.

സാങ്കേതിക വിദ്യയുടെ ചിറകിലേറി ഭാവനയുടെ അനന്ത വിഹാസിലേയ്ക്ക് പറക്കാൻ ലിറ്റിൽ കൈറ്റ്സ് വഴികാട്ടിയാകട്ടെ.

എന്ന്

സ്വന്തം എഡിറ്റർ

അശ്വിൻ എസ് നായർ

# എഡിറ്റോറിയൽ ബോർഡ്

മാഗസിൻ കൺവീനർ : സിബിച്ചൻ ജോസഫ് (കൈറ്റ് മാസ്റ്റർ)

ചീഫ് എഡിറ്റർ : ഷീബ ജോസഫ് (കൈറ്റ് മിസ്ട്രസ്സ്)

എഡിറ്റർ : അശ്വിൻ എസ് നായർ

അസി. എഡിറ്റേഴ്സ് : മന്ന ബാലകൃഷ്ണൻ

: യദു കൃഷ്ണ

: നയന സന്തോഷ്

: അഞ്ജു ജോസഫ്

: സിദ്ധിക്കുൾ അക്ബർ




ശ്രീ.സിബിച്ചൻ ജോസഫ്



ശ്രീമതി. ഷീബ ജോസഫ്




അശ്വിൻ എസ് നായർ



# താളുകൾ മറിയുമ്പോൾ


- വിദ്യാലയം
- ഗുരുവേ.. പ്രണാമം
- പരിസ്ഥിതി
- പഴഞ്ചൊല്ലുകൾ
- കാർഷിക ശാസ്ത്രം
- മൊബൈൽ പ്രണയം
- Thoughts of Kalam
- വിശ്വപ്രസിദ്ധ ചിന്തകന്മാർ
- Proverbs
- അറിവിനായി
- രാമാനുജൻ സംഖ്യ
- കടങ്കഥകൾ
- William Wordsworth
- കുസൃതി ചോദ്യങ്ങൾ
- പ്രാചീന സാഹിത്യകാരന്മാർ
- ഇടുക്കിയെ നടുക്കിയ പ്രളയം
- Famous Quotes
- ടൂറിസത്തിന്റെ അനന്ത സാധ്യതകളുമായി ഇടുക്കി ഡാം



# ആശംസ

'വർണ്ണം' എന്നെ വിസ്മയിപ്പിച്ചിരിക്കുന്നു. ഏറെ അഭിമാനവും സന്തോഷവും ഉണ്ട്. നമ്മുടെ കുഞ്ഞുങ്ങളുടെ വളർച്ചയെ ഞാൻ അദ്ഭുതത്തോടെ നോക്കിക്കാണുകയാണ്. ഈ ഡിജിറ്റൽ യുഗം കുഞ്ഞുങ്ങൾക്കു മുന്നിൽ അനന്ത സാധ്യതകൾ തുറന്നിടുന്നുണ്ട്. അതെല്ലാം ഭംഗിയായും ഫലപ്രദമായും ഉപയോഗിക്കാൻ നിങ്ങൾക്ക് സാധിക്കട്ടെ. ഈ 'വർണ്ണം' നിങ്ങളുടെ മനസ്സിലും ചിന്തയിലും മുൻപോട്ടുള്ള ജീവിതത്തിലും നിറപകിട്ടാകും എന്നെനിക്കുറപ്പുണ്ട്. ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനായി നിങ്ങളെ പ്രോത്സാഹിപ്പിച്ച അധ്യാപകരെയും നിങ്ങളെയും അഭിനന്ദിക്കുന്നു.

ആശംസകളോടെ

ഹെഡ്മിസ്ട്രസ് വിൻസി സെബാസ്റ്റ്യൻ





# ആശംസ

വിദ്യാഭ്യാസം കാലാതിവർത്തിയാണ്. പ്രത്യേകിച്ച് ഈ ഹൈടെക് യുഗത്തിൽ. ദേശത്തിനും കാലത്തിനും അപ്പുറെ കണ്ണും കാതും എത്തിക്കാനുള്ള വെമ്പലിലാണ് ഇളം തലമുറപോലും. വിവരവിനിമയ സാങ്കേതികവിദ്യയുടെ മാസ്മരികലോകം നമ്മുടെ കുഞ്ഞുങ്ങളെ ആവേളം കൊള്ളിക്കുന്നുണ്ട് എന്നതിൽ തർക്കമില്ല. ഈ അവസ്ഥയിൽ 'ലിറ്റിൽ കൈറ്റ്സ്' വിദ്യാർത്ഥിലോകത്തെയാകെ മാറ്റിമറിക്കാൻ  പര്യാപ്തമാണെന്ന് ചുരുങ്ങിയകാലംകൊണ്ട് തെളിയിച്ചുകഴിഞ്ഞു. അതിന്റെ ഒരു കൊച്ചു സ്ഥലിംഗമാണി  ഡിജിറ്റൽ മാഗസിൻ. ഇതിൽ നിറമുണ്ട്, മണമുണ്ട്, വർണ്ണവിസ്മയങ്ങളുണ്ട്. എല്ലാ കുട്ടികൾക്കും അതിനിവരെപ്രാപ്തരാക്കിയ ഓരോ അധ്യാപകർക്കും നന്ദി.'വർണ്ണം'വർണ്ണപൊലിമയിൽ പ്രോജ്ജ്വലിക്കട്ടെ എന്ന ആശംസകളോടെ.

അധ്യാപക പ്രതിനിധി
സി. പ്രശാന്തി CMC



# വിദ്യാലയം

ജീവിതത്തിന്റെ അനർഘനിമിഷങ്ങളാണ് കടന്നുപോകുന്ന വിദ്യാലയ ഓർമ്മകൾ. ഒരിക്കലും മറന്നുപോകാൻ കഴിയാത്തവയുമാണ് വിദ്യാലയത്തിന്റെ സ്മരണകൾ. വിദ്യാലയം എന്നത് വെറും ഒരു സ്ഥാപനം മാത്രമല്ല. അവിടെ സ്നേഹത്തിന്റെയും പരിഗണനയുടെയും ഇതളുകൾ വിരിയുന്നു. കടലിൽ ആർത്തിരമ്പുന്ന തിരമാലകൾ പോലെ നമ്മുടെയൊക്കെ ഹൃദയത്തിൽ ആഞ്ഞടിച്ച് മനസ്സിന് കുളിർമയേകുന്നവയുമാണ് വിദ്യാലയ ഓർമ്മകൾ.

വിദ്യാഭ്യാസ ജീവിതം വാസ്തവത്തിൽ മനുഷ്യ ജീവിതത്തിന്റെ വസന്തകാലമാണ്. ഈ കാലഘട്ടത്തിൽ വളരെ വേഗത്തിൽ ആശയങ്ങളുടെയും ഭാവനകളുടെയും ഇലകളും പൂക്കളും ജീവിതമാകുന്ന വള്ളിയിൽ പൂക്കുന്നു. വിദ്യാഭ്യാസ സമയത്ത് വിദ്യാർത്ഥികൾക്ക് നല്ല മാർഗദർശനവും ശരിയായ പ്രേരണയും ലഭികുന്നതിനാൽ അവരുടെ അത്യന്തം ഉജ്ജ്വലമായിത്തീരുന്നു.

വിദ്യാലയമാുന്ന പൂന്തോട്ടത്തിൽ പാറിനടന്ന്, അറിവാകുന്ന തേൻ നുകരുന്ന സുന്ദര പൂമ്പാറ്റകളായി എല്ലാ വിദ്യാർത്ഥികളും മാറട്ടെ.

യദു കൃഷ്ണൻ

ക്ലാസ്സ് : 9 A




# ഗുരുവേ....

## പ്രണാമം

ഓർമയിലെന്നും കൈത്തിരിനാളമായ്
വന്നണഞ്ഞീടുന്ന ദൈവദൂതം
വറ്റാത്ത നന്മതൻ നീരുറവയിൽ നിന്നും
അണപൊട്ടി ഒഴുകും ജലപ്രവാഹം
സത്യവും ധർമ്മവും നീതിയുമെല്ലാം
എന്നിൽ നിറയ്ക്കുന്ന ഗുരുനാഥാ
എന്നുള്ളിലെ അന്ധകാരത്തെയെല്ലാം
എന്നന്നേക്കുമായി തുടച്ചുനീക്കി
നേർവഴിക്കെന്നെ നയിച്ച ഗുരുവേ
അങ്ങേക്കെന്റെ ആയിരം പ്രണാമം

സാനിയ ഐസക്
ക്ലാസ്സ് : 9 A



# പരിസ്ഥിതി

എല്ലാ ജീവജാലങ്ങളും അതിജീവനത്തിനുവേണ്ടി പരിസ്ഥിതിയെ ആശ്രയിക്കുന്നു. അതിനാൽ പരിസ്ഥിതി സംരക്ഷണം വളരെ ഗൗരവമേറിയ ഒന്നാണ്. മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യന്റെ നിലനിൽപ്പ് പരിസ്ഥിതിക്ക് ഒരു ഭാരമായി ഭവിക്കുന്നു. മനുഷ്യൻ പ്രകൃതിയെ ആശ്രയിച്ച് അതിനെ ചൂഷണം ചെയ്ത് ജീവിക്കുന്നു. പക്ഷെ തിരിച്ചൊന്നും നല്കുന്നില്ല.

കഴിഞ്ഞ രണ്ടു നൂറ്റാണ്ട് കാലമായി മനുഷ്യൻ പല മേഖലകളിലും വളരെ പുരോഗതി നേടിയിട്ടുണ്ട്. പക്ഷെ അതെല്ലാം പരിസ്ഥിതിയെ നശിപ്പിച്ചുകൊണ്ടാണ് നേടിയിട്ടുള്ളത്. പ്രകൃതിയെ പരിഹരിക്കാനാകാത്ത രീതിയിൽ നശിപ്പിച്ചിരിക്കുന്നു.

പരിസ്ഥിതിയുടെ സ്വാഭാവത്തെക്കുറിച്ച് മനുഷ്യന് ഇന്നും ശരിയായ അറിവില്ല. പ്രകൃതിയുമായി നിലനിർത്തേണ്ട ബന്ധത്തെക്കുറിച്ച് അവനിനിന്നും വലിയ ധാരണയില്ല. മനുഷ്യപുരോഗതിയെ തടസ്സപ്പെടുത്തുന്ന രീതിയിൽ പ്രകൃതി സംരക്ഷണം ആവശ്യമില്ലയെന്നാണ് ചിലർ വാദിക്കുന്നത്. ഈ തോതിലുള്ള ചൂഷണം പരിസ്ഥിക്ക് ഹാനീകരമാണെന്ന് ചിന്തിക്കുന്നത് യുക്തിസഹമാണ്.

മനുഷ്യൻ ഒരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പോലുള്ള വസ്തുകൾ ഈ സുന്ദരമായ ഗ്രഹത്തെ ഒരു മരുപ്രദേശമാക്കി മാറ്റും, വരും തലമുറയോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയായിരിക്കും അത്. അതുകൊണ്ട് ഇന്നുള്ള ഈ ചിന്താശൂന്യമായ പരിസ്ഥിതി നശീകരണം ഉടനെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു.

അർജ്ജുൻ മാർട്ടിൻ
ക്ലാസ്സ് : 9 B



# പഴഞ്ചൊല്ലുകൾ

- സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ

  ആപത്തു കാലത്തു കാ പത്ത് തിന്നാം.

- കൊടുത്താൽ കൊല്ലത്തും കിട്ടും.

- ആരാന്റമ്മയ്ക്ക് ഭ്രാന്തുപിടിച്ചാൽ

  കാണാൻ നല്ല ശേല്.

- കുംഭത്തില് മഴ പെയ്താൽ

  കുപ്പയിലും മാണിക്യം.

- പുരകത്തുമ്പോൾ വാഴവെട്ടരുത്.

- എല്ലുമുറിയെ പണിചെയ്താൽ

  പല്ലു മുറിയെ തിന്നാം.

- വേണമെങ്കിൽ ചക്ക

  വേരിലും കായ്ക്കും.

- ചക്കിന് വെച്ചത് കൊക്കിന് കൊണ്ടു.

- കാക്കയ്ക്കും തൻ കുഞ്ഞ് പൊൻ കുഞ്ഞ്.

എബിൻ ടോമി

ക്ലാസ്സ് : 9 A

# കാർഷിക ശാസ്ത്രം



- പുഷ്പങ്ങൾക്ക് നിറം കൊടുക്കുന്ന വസ്തു ഏത് ?
  പിഗ്മെന്റ്
- സസ്യങ്ങൾക്ക് നിറം കൊടുക്കുന്ന വസ്തു ഏത് ?
  ഹരിതകം
- പുല്ല് വർഗ്ഗത്തിലെ ഏറ്റവും വലിയ സസ്യം ഏത് ?
  മുള
- കറുത്ത മുത്ത് എന്നറിയപ്പെടുന്ന വിള ഏത് ?
  കുരുമുളക്
- കാരറ്റിൽ അടങ്ങിയിരിക്കുന്ന വർണ്ണ വസ്തു ഏത് ?
  കരോട്ടിൻ
- പരാഗണതതിന് തേനീച്ചയെ മാത്രം ആശ്രയിക്കുന്ന പുഷ്പം ഏത് ?
  സൂര്യകാന്തി
- ഔഷധികളുടെ മാതാവ് ആര് ?
  തുളസി
- ഇന്ത്യൻ ബരിത വിപ്ലവത്തിന്റെ പിതാവ് ആര് ?
  ഡോ. എം. എസ്. സ്വാമിനാഥൻ
- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ വൃക്ഷം ഏത് ?
  ജനറൽ ഷെർമാൻ
- തേയിലയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത് ?
  ടാനിക് ആസിഡ്
- പഴവർഗ്ഗങ്ങളുടെ രാജാവ് ആര് ?
  മാമ്പഴം

അനന്തു കൃഷ്ണ
ക്ലാസ്സ് : 9 B

# മൊബൈൽ പ്രണയം

നീ ചിരിച്ചാൽ റിങ്ടോൺ
നീ ദേഷ്യപ്പെട്ടാൽ വൈബ്രേഷൻ
നീ എന്നെ ഓർത്താൽ മിസ്കോൾ
നിന്റെ കണ്ണുകൾ നിറഞ്ഞാൽ
ലോ ബാറ്ററി
നീ പിണങ്ങിയാൽ ഈ ജീവിതം
സ്വിച്ച് ഓഫ്

സൂര്യന് ചിരിക്കാനേ അറിയൂ
മഴയ്ക്ക് കരയാനേ അറിയൂ
എനിക്ക് നിന്നെ സ്നേഹിക്കാനേ
അറിയൂ

പൂവിന്റെ സുഗന്ധം പോലെ
കാറ്റിന്റെ കുളിർമ പോലെ
ഹൃദയത്തിന്റെ തുടിപ്പുപോലെ
എനിക്കെന്നും വേണം നിന്റെ പ്രണയം

ശ്രീവിദ്യ വിജയൻ
ക്ലാസ്സ് : 9 A



# THOUGHTS OF KALAM



- “ It is very easy to defeat someone , but it is very hard to win someone.”
- “ I am not handsome , but I can give hands to someone , those who need help.”
- “ Confidence and hard work is the best medicine to kill the disease called failure.”
- “ Great dreams of great dreamers are always transcended.”
- “ If you FAIL, never give up. Because, FAIL means - “First Attempt In Learning.”
- “ It is your victory, when your signature come in an autograph”

Aswin S Nair
Class : 9 B

# വിശ്വപ്രസിദ്ധ ചിന്തകന്മാർ

- അരിസ്റ്റോട്ടിൽ - B.C. 384 – 322
  ഗ്രീക്ക് തത്ത്വചിന്തകൻ
  ഗ്രന്ഥങ്ങൾ : Rhetorics, Politics, Poetics, Natural History
- എപ്പിക്യൂറസ് - B.C. 342 – 270
  ഗ്രീക്കുതത്ത്വചിന്തകൻ
  ഗ്രന്ഥങ്ങൾ : Letters to Herodotus, Menocecus and others,
  De rerum natura
- ചാണക്യൻ (കൗടില്യൻ) - B.C. 4 -ാം നൂറ്റാണ്ട്
  രാഷ്ട്രതന്ത്രജ്ഞൻ, ചന്ദ്രഗുപ്തമൗര്യന്റെ മുഖ്യസചിവൻ
  ഗ്രന്ഥം : അർത്ഥശാസ്ത്രം
- പ്ലേറ്റോ - B.C. 427 – 347
  ഗ്രീക്ക് തത്ത്വചിന്തകൻ
  ഗ്രന്ഥങ്ങൾ : The Republic, Apology of Socrates, Phaedo,
  Laws
- അക്വിനാസ് - A.D. 1225 – 1274
  ഇറ്റാലിയൻ തത്ത്വചിന്തകനും ദൈവശാസ്ത്രജ്ഞനും
  ഗ്രന്ഥം : Summa Theological
- പ്ലിനി ദ എൽഡർ - A.D. 23 – 79
  ലത്തീൻ തത്ത്വചിന്തകൻ
  ഗ്രന്ഥം : Natural History

അലീന ബിജു
ക്ലാസ്സ് : 9 A

# Proverbs

- A rolling stone gathers no moss
- A friend in need is a friend indeed
- An idle man's head is the devil's workshop
- A wise enemy is better than a foolish friend
- A good tree cannot bring forth evil fruits
- Birds of the same feather flock together
- Do not bite the hands that feed you
- Greedy people will lose even what they have
- Prosperity brings friends, but adversity tries them
- Where there is a will there is a way
- The darkest hour is before dawn
- What is everybody's work is nobody's works
- Friends are in plenty when the purse is full
- Failure is the stepping stone to success

Josekutty Babu

Class : 9 A

# അറിവിനായി

1. വിമാനത്തിന്റെ വേഗം അളക്കാനുള്ള ഉപകരണം ഏതാണ് ?
   ടാക്കോമീറ്റർ
2. പക്ഷികളിൽ ഏറ്റവും പ്രവർത്തനക്ഷമമായ ഇന്ദ്രിയം ഏതാണ് ?
   കണ്ണ്
3. മോളീവുഡ് ഏതു ഭാഷയിലെ സിനിമാവ്യവസായമാണ് ?
   മലയാളം
4. കർഷകന്റെ മിത്രം എന്നറിയപ്പെടുന്ന പക്ഷി ഏതാണ് ?
   മൂങ്ങ
5. ഒഡിയാ മഹാഭാരതം എഴുതിയ ഒഡീയിലെ കവി ?
   സരളദാസ്
6. ഏറ്റവും ഉയരത്തിൽ പറക്കാൻ കഴിവുള്ള പക്ഷി ഏതാണ് ?
   കഴുകൻ
7. ഇടുക്കി ഡാമിന്റെ നിർമ്മാണത്തിന് സഹകരിച്ച വിദേശ രാജ്യം ഏതാണ് ?
   കാനഡ
8. പാലുൽപ്പാദനശേഷിയുള്ള പക്ഷി ഏതാണ് ?
   പ്രാവ്


അസ്മില സിദ്ദിഖ്

ക്ലാസ്സ് : 9 B

# രാമാനുജൻ സംഖ്യ


**ശ്രീനിവാസ രാമാനുജന്റെ പ്രതിഭയെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചത് ഗണിത ശാസ്ത്രജ്ഞനായ പ്രൊഫസർ ജി.എച്ച്.ഹാർഡി എന്ന ഇംഗ്ലീഷുകാരനായിരുന്നു. രോഗശയ്യയിലായിരുന്ന രാമാനുജനെ കാണാനെത്തിയ പ്രൊഫസർ ഹാർഡി അസ്വസ്ഥനായിരുന്നു. തന്റെ കാറിന്റെ നമ്പർ 1729 ആണെന്നും അത് അശുഭ സംഖ്യയായ 13 ന്റെ പെരുക്കമാണെന്ന് മാത്രമല്ല, ഇതിന് 13 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന ഫലത്തിലും 13 വരുന്നുണ്ട്.**

**അതിന് രാമാനുജന്റെ പ്രതികരണം ഇങ്ങനെയായിരുന്നു :-**

**"ശുഭലക്ഷണമുള്ള അപൂർവ്വ സംഖ്യയാണല്ലോ ഇത്. രണ്ട് ക്യൂബുകളുടെ തുകയായി രണ്ടു രീതിയിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യ."**

$$1729 = 10^3 + 9^3 = 1^3 + 12^3$$

**ഈ സംഖ്യ രാമാനുജൻ സംഖ്യ എന്ന പേരിൽ അറിയപ്പെട്ടു.**




**അൽഫോൺസ് സാജു**

**ക്ലാസ്സ് : 9 B**

# കടങ്കഥകൾ

- അട്ടക്കള കോവിലിൽ മൂന്നണ്ട ദൈവങ്ങൾ

  -അടുപ്പ്

- അമ്മ കിടക്കും മകളോടും

  - അമ്മിക്കല്ല്

- ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം

  - കട്ടുറുമ്പ്

- അടി പാറ, നടു വടി, മീടെ കുട

  - ചേന

- അകത്തുനിന്നും നോക്കിക്കാണും
  കണ്ടതെല്ലാം ഉള്ളിലാക്കും

  - ക്യാമറ

- അടി മുള്ള്, നടു കാട്, തല പൂവ്

  - പൂവൻകോഴി

- ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല
  ഉപയോഗിക്കുന്നവൻ വാങ്ങുന്നില്ല

  - ശവപ്പെട്ടി

- ഇലയില്ല, പൂവില്ല, കായില്ല, കരിവള്ളി

  - തലമുടി

- കിടക്കുമ്പോൾ നെഞ്ചിന് മീതെ
  നടക്കുമ്പോൾ തലയ്ക്കുമീതേ

  - ആകാശം

- മുള്ളുണ്ട് മുരിക്കല്ല, കയ്പ്പുണ്ട് കാഞ്ഞിരമല്ല

  - പാവയ്ക്ക

- കാട്ടുകത്തി പാറകണ്ടു , പാറകൊത്തി വെള്ളി കണ്ടു,
  വെള്ളി കൊത്തി വെള്ളം കണ്ടു

  - തേങ്ങ

സെബിൻ ബിജു
ക്ലാസ്സ് : 9 A

## William Wordsworth
## - April 7, 1770

Williamwordsworth was a major English romantic poet who, with Samuel Taylor Coleridge, helped launch the romantic age in English literature with their 1798 joint publication, lyrical ballads. Wordsworth's masterpiece is generally considered t be 'The Prelude, an autobiographical poem of his early year that was revised and expanded a number of times.

It was never published during his life time, and was only given title after his death ( up until this time time it was generally known as the poem “To Coleridge”). Wordsworth was England Poet laureate from 1843 until his death in 1850 April 23.



Arjun Ajithkumar
Class : 9 B

# Famous Quotes

- 
- “ Education is the most powerful weapon which we can use to change the world ”
  - Nelson Mandela
- “ The first and the most important step towards success is the feeling that we can succeed ”
  - Nelson Boswell
- “ That some achieve great success is the proof to all that others can achieve it as well ”
  -Abraham Lincoln
- “ Life is the shadow of god ”
  - Plato
- “ Give us good mothers and I shall give you a good nation ”
  - Napoleon
- “ The child is the father of the man ”
  - Wordsworth
- “ Take care to get what you like, or you will be forced to like what you get ”
  - George Bernard Shaw
- “ Some are born great, some achieve greatness and some have greatness thrust upon them ”
  - Shakespeare

Jebin Jaison
Class : 9 B

# കുസൃതി ചോദ്യങ്ങൾ

1. സ്വാർത്ഥയുള്ള മീൻ ?

    സെൽഫിഷ്

2. ശവത്തിന്റെ മൂക്കിൽ പഞ്ഞിവെയ്ക്കുന്നതെന്തു കൊണ്ട് ?

    കൈകൊണ്ട്

3. ആണും പെണ്ണും തമ്മിലുള്ള ഒരു വ്യത്യാസം ?

    ഒരു 'ണ' യുടെ വ്യത്യാസം

4. കഴുതയുടെ പിൻപും കുതിരയുടെ നടുക്കും തവളയുടെ മുൻപിലും ഉള്ളതെന്ത് ?

    'ത'

5. വെള്ളത്തിൽ നനയും പൂ ?

    ഷാംപൂ

6. പേന കൊണ്ടുനടക്കുന്ന പക്ഷി ?

    PEN,GUIN

7. മൂളുന്ന അക്ഷരം ?

    B (bee)

ആൽബർട്ട് കെ ജോസഫ്
ക്ലാസ്സ് : 9 B

# പ്രാചീന സാഹിത്യകാന്മാർ

- അനാക്രിയോൺ - ബി. സി. ആറാം നൂറ്റാണ്ട്
  സുപ്രസിദ്ധനായ ഗ്രീക്കുകവി
- അരിസ്റ്റോഫിനസ് - ബി. സി. 444 – 385
  കൃതികൾ - Lysistratea, Birds, Peace, Acharnians
- ഈസോപ്പ് - ബി. സി. 620 – 560
  ഗ്രീക്ക ജന്തുകഥാകർത്താവ്
  കൃതി - Aesop's Fables
- അശ്വഘോഷ് - ഏ. ഡി. ഒന്നാം നൂറ്റാണ്ട്
  സംസ്കൃത കവി
  കൃതി - ബുദ്ധചരിത്രം
- കാളിദാസൻ - ഏ. ഡി. അഞ്ചാം നൂറ്റാണ്ട്
  സംസ്കൃത മഹാകവി
  കൃതികൾ - അഭിജ്ഞാന ശാകുന്തളം, വിക്രമോർവ്വശീയം,
  കുമാരസംഭവം, മേഘസന്ദേശം
- ജയദേവൻ - ഏ. ഡി. പന്ത്രണ്ടാം നൂറ്റാണ്ട്
  സംസ്കൃത കവി
  കൃതി - ഗീതാഗോവിന്ദം
- വാല്മീകി - ബി. സി. ആറാം നൂറ്റാണ്ട്
  ആദികവി, സംസ്കൃത ഇതിഹാസകാരൻ
  കൃതി - രാമായണം
- സെനാഫോൺ - ബി. സി. 444 – 359
  ഗ്രീക്ക് എഴുത്തുകാരൻ
  കൃതി - Anabasis
- വ്യാസൻ - ബി. സി. ആറാം നൂറ്റാണ്ട്
  സംസ്കൃത ഇതിഹാസകാരൻ
  കൃതി - മഹാഭാരതം

അഭിജിത്ത് കെ എസ്
ക്ലാസ്സ് : 9 A

# ടൂറിസത്തിന്റെ അനന്ത സാധ്യതകളുമായി

# ഇടുക്കി ഡാം


IDUKKI DAM


HILL VIEW PARK


CHERUTHONY DAM


CHERUTHONY DAM


IDUKKI PARK


IDUKKI DAM


BOATING IN IDUKKI

ബ്രിനറ്റ് ലൂയിസ്
ക്ലാസ്സ് : 9 A

# ഇടുക്കിയെ നടുക്കിയ പ്രളയം










## ഫലം







നന്ദന രാജൻ

ക്ലാസ്സ് : 9 A

# നന്ദിയുടെ ഒരു വാക്ക്....

മനുഷ്യനെ മനുഷ്യനാക്കിയ,

അവന്റെ വളർച്ചയ്ക്ക് പിൻബലമേകിയ അനന്ത ശക്തി...

അറിയാത്ത ലോകത്തേയ്ക്ക് തുറക്കുന്ന അത്ഭുത വാതിൽ !

അറിയാത്തവയും അറിയാനിരിക്കുന്നവയും തമ്മിലുള്ള ഇഴചേരൽ...

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം

ഇവിടെ പൂർണ്ണമാകുന്നു...

ഈ സ്വപ്നസാക്ഷാത്കാരത്തിന് ഊർജ്ജം പകർന്നുതന്ന

ഹെഡ്മിസ്ട്രസ് വിൻസി ടീച്ചർ....

മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ കൈറ്റ്മാസ്റ്റർ & മിസ്ട്രസ് .

തിരുത്തുകൾ നല്കിയ പ്രിയപ്പെട്ട അധ്യാപകർ.

വരകളിലൂടെയും വർണ്ണങ്ങളിലൂടെയം സഹായിച്ച

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.

**എല്ലാവർക്കും നന്ദി.......**




സ്നേഹപൂർവ്വം

നിങ്ങളുടെ എഡിറ്റർ

അശ്വിൻ എസ് നായർ

വരൂ... 'കൊച്ചുപട്ട'ത്തിൻ
ചിറകിലേറി,
വർണ്ണങ്ങളുടെ ലോകത്തേക്ക്
നമുക്കും പറക്കാം...



